Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12th January 2018

## ഉപതെരഞ്ഞെടുപ്പ്
## എൽ.ഡി.എഫ് 10 യു.ഡി.എഫ് 5 സീറ്റുകൾ നേടി

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 10ഉം യു.ഡി.എഫ് 5ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും രണ്ട് നഗരസഭ വാർഡുകളിലും ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. തിരുവനന്തപുരം-നഗരൂർ- എ. ഷിബാന- 141, കൊല്ലം- വിളന്തറ-പി. ജയശ്രീ-71, കൊറ്റങ്കര-മാമ്പുഴ-വിജയൻ പിള്ള. പി. കെ-197, കോട്ടയം- മരങ്ങാട്- അരുണിമ പ്രദീപ് -273, ഇടുക്കി- മുനിയറ സൗത്ത്- രമ്യ റെനീഷ്-148, പാലക്കാട്-മിച്ചാരംകോട്- രുഗ്മിണി ഗോപി -210, മലപ്പുറം- ഞെട്ടികുളം- രജനി-88, എ.കെ.ജി നഗർ- വി. കെ. ബേബി -265,
എറണാകുളം- ഏലൂർ നഗരസഭയിലെ പാറയ്ക്കൽ- ബേബി ജോൺ-207, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം- എച്ച്. ശങ്കരൻ-1626

യു.ഡി.എഫ് വിജയിച്ചവ. തിരുവനന്തപുരം- മൈലച്ചൽ- വി.വീരേന്ദ്രകുമാർ- 109, കൊല്ലം-തെക്കുംപുറം- ഓമന സുധാകരൻ-112, പാലക്കാട്-കോണിക്കഴി- ബി. മുഹമ്മദ്-149, മലപ്പുറം- തിണ്ടലം- മോഹനകൃഷ്ണൻ. കെ. കെ-180. പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിൽ അത്തീക്ക് പറമ്പിൽ 8 വോട്ടുകൾക്ക്.

അഴീക്കൽ നഗരസഭ വാർഡും കോണിക്കഴി ഗ്രാമ പഞ്ചായത്ത് വാർഡും എൽ.ഡി.എഫിൽനിന്നും യു.ഡി.എഫ് പിടിച്ചെടുത്തപ്പോൾ പാറയ്ക്കൽ നഗരസഭ വാർഡ് സ്വതന്ത്രനിൽനിന്നും, മുനിയറ സൗത്ത് ബി.ജെ.പിയിൽനിന്നും, ഞെട്ടികുളം യു.ഡി.എഫിൽനിന്നും എൽ.ഡി.എഫ് പിടിച്ചെടുത്തു. രണ്ടായിരത്തി പതിനഞ്ചിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-9, യു.ഡി.എഫ്-4, സ്വതന്ത്രൻ-1 എന്നിങ്ങനെയായിരുന്നു സീറ്റുനില.

*(എസ്.ഇ.സി.05/2018)*